ഐസിഡിഎസ് ബി4/5021/21

വനിത ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
ഫോൺ 0471-2346508
ഇ-മെയിൽ- icdsbsection@gmail.com
Directorate.wcd@kerala.gov.in
തീയതി : 26.10.21

# പരിപത്രം

വിഷയം : വ.ശി.വി.വ-ഐസിഡിഎസ്-അങ്കണവാടി ജീവനക്കാര്യം-കോവിഡ്-19 സാഹചര്യം- അങ്കണവാടികൾ തുറന്നു പ്രവർത്തിക്കുന്നത്- ഹെൽപ്പർ ഒഴിവുകളിൽ താൽക്കാലിക നിയമനം- പുനരാരംഭിക്കുന്നത് – സംബന്ധിച്ച്.

സൂചന :
1. ഈ കാര്യാലയത്തിലെ 17.02.2021 ലെ ഇതേ നമ്പർ പരിപത്രം
2 ഈ കാര്യാലയത്തിലെ ഐസിഡിഎസ ബി6/15268/20 നമ്പർ പരിപത്രം തീയതി 22.10.2021

കോവിഡ് -19 സാംക്രമിക രോഗത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ 33115 അങ്കണവാടികളിൽ ഗുണഭോക്താക്കൾ എത്തുന്ന സാഹചര്യം ഒഴിവാക്കിയിരുന്നതിനാൽ ഗുണഭോക്താക്കൾക്ക് **റ്റി.എച്ച്.ആർ.എസ്** പോലെയുള്ള സേവനങ്ങൾ അങ്കണവാടി വർക്കർമാർ വീടുകളിൽ എത്തിച്ചു നൽകി വരികയായിരുന്നു. ഇപ്രകാരം അങ്കണവാടികൾ പൂർണമായും പ്രവർത്തന സജ്ജമാകാത്തതിനാൽ അങ്കണവാടി ഹെൽപ്പർ താൽക്കാലിക നിയമനങ്ങൾ അങ്കണവാടികളിൽ ഗുണഭോക്താക്കളായ കുട്ടികൾക്ക് പ്രവേശനം അനുവദിക്കും വരെയോ ഐസിഡിഎസ് പ്രവർത്തനങ്ങൾക്ക് മറ്റ് മാർഗ്ഗ നിർദ്ദേശം നൽകും വരേയോ അങ്കണവാടി ഹെൽപ്പർ തസ്തികയിൽ താൽക്കാലിക നിയമനം നടത്തേണ്ടതില്ല എന്ന് പരാമർശം( 1) പ്രകാരം നിർദ്ദേശിച്ചിരുന്നു. എന്നാൽ നിലവിൽ അങ്കണവാടികൾ തിങ്കൾ മുതൽ ശനി വരെ തുറന്നു പ്രവർത്തിക്കുവാൻ തീരുമാനമായ സാഹചര്യത്തിലും അങ്കണവാടി പ്രവേശനോത്സവം സംഘടിപ്പിക്കുന്നതിനും, എല്ലാ അങ്കണവാടികളിലും ന്യൂട്രി ഗാർഡൻ തയ്യാറാക്കുവാൻ തീരുമാനമായ സാഹചര്യത്തിലും അങ്കണവാടികളിൽ ഹെൽപ്പർമാരുടെ സേവനം ആവശ്യമാണെന്ന് സിഡിപിഒമാർ അറിയിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ അങ്കണവാടി ഹെൽപ്പർമാരെ സ്ഥിരമായി നിയമിക്കാൻ യാതൊരു ലിസ്റ്റും നിലവിലില്ലാത്ത പഞ്ചായത്തിൽ 1.06.2006 ലെ സ. ഉ (സാധാ) നം. 237/06/SWD ഉത്തരവിലെ താൽക്കാലിക നിയമന മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചു മാത്രമേ താൽക്കാലിക നിയമനം നടത്തേണ്ടതാണ്.

1) താൽക്കാലിക നിയോഗിക്കുന്നവരുടെ സേവന കാലാവധി പരമാവധി 6 മാസം മാത്രം ആയിരിക്കുന്നതും 6 മാസക്കാലത്തേക്ക് നിയോഗിച്ച വ്യക്തിയെ 6 മാസം

കഴിഞ്ഞു മാത്രമേ പരിഗണിക്കാൻ പാടുള്ളൂ. താൽക്കാലിക നിയമനം തികച്ചും താൽക്കാലികം മാത്രമായിരിക്കുന്നതാണ്.

2) താല്ക്കാലിക നിയമന കാലാവധിക്ക ശേഷം ടിയാൾക്ക് ടി തസ്തികയിൽ തുടരാൻ അർഹതയില്ലാത്തതാണ്.

3) താൽക്കാലികമായി നിയോഗിക്കുന്നവർക്ക് പ്രതി ദിന ഹോണറേറിയത്തിന് മാത്രമേ അവകാശമുള്ളൂ. മറ്റാനുകൂല്യങ്ങൾക്കൊന്നും അവകാശം ഉണ്ടായിരിക്കുന്നതല്ല.

4) താൽക്കാലികമായി ജോലി ചെയ്തു എന്നതു കൊണ്ടു മാത്രം സ്ഥിര നിയമനത്തിന് യാതൊരു അർഹതയുമുണ്ടായിരിക്കുന്നതല്ല.

5) എസ്സ്.സി, എസ്സ.റ്റി കോളനികൾ , അവർ കൂടുതലായുള്ള പ്രദേശങ്ങളിൽ യോഗ്യരായവർ ആ സമുദായത്തിൽ ഉള്ള പക്ഷം അവർക്ക് താൽക്കാലിക നിയമനത്തിന് മുൻഗണന ആ പ്രദേശത്തെ അങ്കണവാടികളിൽ നൽകേണ്ടതാണ്.

6) താല്ക്കാലിക നിയമനത്തിനായി ജോലിയിൽ പ്രവേശിക്കുന്നവർ പ്രവേശിക്കുന്നതിനു മുൻപ് പ്രൊഫോർമ – യിലുള്ള സത്യവാങ്മൂലം മുദ്രപ്പത്രത്തിൽ നല്കേണ്ടതാണ്.

7) സമ്മത പത്രം

........................................................(പേര്, മേൽ വിലാസം) എന്ന, ഞാൻ .................................... ജില്ലയിൽ .......................................ഐസിഡിഎസ് പ്രോജക്റ്റിന് കീഴിലെ ----------------------------- പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ ലെ അങ്കണവാടി സെന്റർ നം. ......................ൽ താത്ക്കാലിക സേവന വ്യസ്ഥകൾക്കും, കാലാകാലങ്ങളിൽ നിലവിൽ വരുന്ന ഉത്തരവുകളും നിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് സേവനമനുഷ്ഠിക്കാൻ സന്നദ്ധയാണെന്നും താത്ക്കാലിക സേവന ദിവസത്തെ ഹോണറേറിയത്തിന് മാത്രമേ അർഹതയുണ്ടായിരിക്കു എന്നും താത്ക്കാലികമായി ജോലി ചെയ്തു എന്നതിന്റെ അടിസ്ഥാനത്തിൽ മാത്രം സ്ഥിരനിയമനത്തിന് അർഹതയുണ്ടായിരിക്കില്ല എന്നും എനിക്ക് ഉത്തമ ബോദ്ധ്യമുള്ളതും സ്ഥിര നിയമനത്തിന് ആൾ വരുന്ന പക്ഷമോ അവധിയിൽ പോയവർ തിരികെയെത്തുന്ന പക്ഷമോ യാതൊരു ആക്ഷേപവും ഉന്നയിക്കാതെ മാറി നിൽക്കാൻ ഞാൻ സന്നദ്ധയാണെന്നും ഇതിനാൽ സമ്മതിക്കുന്നു.

ഒപ്പ്

തീയതി, സ്ഥലം

പേര്, മേൽവിലാസം

8) താൽക്കാലിക നിയമനം നൽകുന്നവരുടെ വിവരങ്ങൾ പ്രത്യേകം രജിസ്റ്ററിൽ ചേർക്കേണ്ടതും ഓരോ ആറു മാസം കൂടുമ്പോൾ ടി രജിസ്റ്റർ പ്രോഗ്രാം ഓഫീസറുടെ ഒപ്പ് രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

വനിത ശിശു വികസന ഡയറക്ടർക്ക് വേണ്ടി

എല്ലാ ശിശു വികസന പദ്ധതി ആഫീസർമാർക്കും
എല്ലാ സൂപ്പർവൈസർമാർക്കും

പകർപ്പ്.

1. എല്ലാ പ്രോഗ്രാം ആഫീസർമാർക്കും
2. എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും
3. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
4. സ്റ്റോക്ക് ഫയൽ/സ്പെയർ